# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയഗിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.12/347/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയഗിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: /347/2023 കെ.എസ്.എ./കെ.എൻ.ആർ./സി.12 തീയ്യതി: 30/03/2023

## കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2022 മുതൽ 21-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 06-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2023 | 06-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ. മനോജ്കുമാർ ടി ജോർജ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
2) ശ്രീമതി സബിത കെ (ഓഡിറ്റർ)
3) ശ്രീമതി അനു അബ്രാഹം (ഹ.ഗ്രേ. ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എസ്. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ചന്ദ്രശേഖരൻ | | | |
| ശ്രീ. ബിനു വർഗ്ഗീസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് കുമാർ വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 04-12-2021 |
| ശ്രീ.ജോയി ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 05-12-2021 | 31-12-2021 |
| ശ്രീ. സജി സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2022 | 31-03-2022 |
| ശ്രീ. രൂപേഷ് ടി. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 06-08-2021 |
| ശ്രീ. മനുരാജ് എം.ഇ. | അസിസ്റ്റന്റ് എൻജിനീയർ | 07-08-2021 | 24-12-2021 |
| ശ്രീ. ഷംനാദ് ജെ. | അസിസ്റ്റന്റ് എൻജിനീയർ | 25-12-2021 | 31-03-2022 |
| ശ്രീ.സുരേന്ദ്രൻ ടി.വി. | വി.ഇ.ഒ. ഉദയഗിരി സർക്കിൾ | 01-04-2021 | 09-06-2021 |
| ശ്രീ.അജീഷ് എം.പി. | വി.ഇ.ഒ. ഉദയഗിരി സർക്കിൾ | 10-06-2021 | 31-03-2022 |
| ശ്രീമതി. ആതിര സി.റ്റി. | വി.ഇ.ഒ. മണക്കടവ് സർക്കിൾ | 01-04-2021 | 04-08-2021 |
| ശ്രീ. മുഹമ്മദ് അലി കടക്കാടൻ | വി.ഇ.ഒ. മണക്കടവ് സർക്കിൾ | 05-08-2021 | 31-03-2022 |
| ശ്രീമതി. അൽഫോൻസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. സൗമ്യ മാത്യൂ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ഷൈലജ വർമ്മ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി രാഗിഷ രാമദാസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സാബു കെ.സി. | ഹെഡ്മാസ്റ്റർ | 01-04-2021 | 20-12-2021 |
| ശ്രീമതി സോഫിയാമ്മ അബ്രഹാം | ഹെഡ്മാസ്റ്റർ | 21-12-2021 | 31-03-2022 |
| ശ്രീമതി സജന കായക്കൂൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ബിജോയ് വർഗ്ഗീസ് | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ്. അവലോകനം | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ - ഫിബ്രവരി മാസത്തെ പെൻഷൻ വിതരണം -അപാകതകൾ | 1-7-1 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | ഗ്രാമ സഭ | 1-10 |
| 14 | കാലാവധി കഴിഞ്ഞ് ലഭിച്ച അപേക്ഷകളിലും വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചു | 1-11 |
| 15 | 60 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി | 1-12 |
| 16 | ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എഫ്.ടി.ഇ.ആൻഡ് ഒ എസ് ലൈസൻസ് എടുത്തിട്ടില്ല. | 1-13 |
| 17 | പേറിവിഷന്റെ ഭാഗമായുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത്-₹396561 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-14 |
| 18 | മണക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വിവിധ ഉപകരണങ്ങൾ വാങ്ങൽ - 1203/- അധികം നൽകി | 1-15 |
| 19 | ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം - അധികം നൽകിയ തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയില്ല | 1-16 |
| 20 | ഐ കെ എം പ്രവർത്തനഫണ്ട് കൈമാറൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 21 | ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-18 |

| | | |
|---|---|---|
| 22 | ഹരിത ഗ്രാമം ആട് വളർത്തൽ - പദ്ധതി നിർവഹണത്തിലെ അവ്യക്തതകൾ - ₹15000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 23 | കാമധേനു (വനിതാ ഗ്രൂപ്പ് സംരംഭകർക്ക് പശു വളർത്തൽ) -പദ്ധതി നടത്തിപ്പിലെ അപാകതകൾ 2250000 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു. | 1-20 |
| 24 | പാലിയേറ്റിവ് വയോജന സൗഹൃദ ഉപകരണങ്ങൾ വാങ്ങൽ -ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-21 |
| 25 | എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല | 1-22 |
| 26 | വായനശാലകൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകങ്ങൾ | 1-23 |
| 27 | അതുല്യം സമ്പൂർണ്ണ സാക്ഷരത പരിപാടി -സുലേഖ ചെലവ് പത്രികയിലും എ.സി.ആറിലും ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ല | 1-24 |
| 28 | ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നില്ല. | 1-25 |
| 29 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരിച്ചു കിട്ടാൻ അവശേഷിക്കുന്നു. | 1-26 |
| 30 | ഗുണഭോക്തൃ സമിതി നടത്തിയ മരാമത്ത് പ്രവൃത്തി - രേഖകൾ ലഭ്യമല്ല. ₹49767യുടെ ചെലവ് തുക തടസപ്പെടുത്തുന്നു. | 1-27 |
| 31 | ബാരൽ വില - തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം | 4-1 |
| 2 | സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17-02-2021 തീയതിയിലെ യോഗത്തിലെ 11/2021 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കിയ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 19-02-2021 തീയതിയിൽ ചേർന്ന ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-29/2021 ) 22-02-2021 തീയതിയിൽ ചേർന്ന ഭരണസമിതി പ്രത്യേക യോഗത്തിൽ ചർച്ച ചെയ്ത് (തീരുമാനം നമ്പർ- 30/2021 ) അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 8-3-2022 തീയതിയിലെ യോഗത്തിലെ 25/2022 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ 2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റിന് ഭരണസമിതിയുടെ 21-03-2022 തീയതിയിലെ 46/2022(1) തീരുമാന പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3050085 | 3050085 |
| വരവ് | 254778000 | 190608745 |
| ആകെ | 257828085 | 193658830 |
| ചെലവ് | 256574326 | 191586427 |
| നീക്കിയിരിപ്പ് | 1253759 | 2072403 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയ്യതി |
|---|---|---|
| 31-07-2022 | 31-7-22 (എയിംസിൽ) | തിരിച്ചയച്ചിട്ടില്ല. |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിലുള്ള തുകകൾ വാർഷിക ധനകാര്യ പത്രിക, പദ്ധതി ചെലവ് പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. I 6 ഷെഡ്യൂൾ പ്രകാരമുള്ള ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനത്തിലുള്ള ആകെ തുക ₹ 10222701 ആണ്. (4534709 + 3624312 +2063680) എന്നാൽ പദ്ധതി ചെലവ് പത്രിക പ്രകാരം ആകെ തുക ₹11144044 ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതും ടൈഡ്, അൺ ടൈഡ് ഇനങ്ങളിലുള്ള മുന്നിരിപ്പ് ,വരവ്, പലിശ, ചെലവുകൾ, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2) ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ വിശദ വിവരങ്ങൾ (ഏതു വർഷത്തിൽ ഏതു പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ചതാണെന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല.

3) ടെണ്ടർ ഫോമിന്റെ സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

5) ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലൈഫ് ഭവന പദ്ധതി വായ്പയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) ആസ്തി രജിസ്റ്റർ ഏതു കാലയളവ് വരെ കാലികമാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7) ദുരിതാശ്വാസ നിധി അക്കൗണ്ടിന്റെ ബി2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ₹ 13072 ആണ്. എന്നാൽ ബി17, ആർ.പി. 40(ബി) എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് ₹13800 ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

8) കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വരവ് ചെലവുകളുടെ വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ എ.സി.ആർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9) 4502102ASCB തനത് ഫണ്ട് അക്കൗണ്ടിന്റെ (ASCB200200740) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 779095 ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ₹ 777648 ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

10) പഞ്ചായത്തിന്റെ ഇ പേയ്മെന്റ് കറന്റ് അക്കൗണ്ടിൽ നിന്നും സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് തുകകൾ മാറ്റുന്നതായി കാണുന്നില്ല. ഇതു കാരണം പലിശ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നുണ്ട്.

11) താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് , റീകൺസിലിയേഷൻ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് | ആർ.പി. 40 (ബി) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | KGB WGDP A/C-7705 | ₹ 1572 |
| 2 | Co.Operative Bank Account Of Own Revenue Fund | ₹ 11552 |

12) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

13) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

14 )അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബി18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 12000 രൂപ തിരിച്ചു കിട്ടാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാന ബാലൻസ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

15) 460500501 Advance To Implementing Officers എന്ന ഹെഡ്ഡിൽ 150,000 രൂപയും 460509901 Advance To Others എന്ന ഹെഡ്ഡിൽ 668309 രൂപയും തിരിച്ചു കിട്ടാനുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ കാണുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഈ തുക സംബന്ധിച്ചുള്ള വിശദാംശങ്ങളൊന്നും ലഭ്യമല്ല.

16) 2021-22 വർഷം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ ചേർക്കും പ്രകാരമുള്ള തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് 2022-23 വർഷത്തിലാണ്, എന്നാൽ ബി18 ഷെഡ്യൂളിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | 182/22 | നിലാവ് പദ്ധതി- തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | ₹ 600000 |
| 2 | 113/22 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | ₹ 992000 |

17) 'കോളി കോളനി റോഡ് വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ' എന്ന പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 38536 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. പ്രസ്തുത തുകയും ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

18) ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "അതുല്യം സമ്പൂർണ്ണ സാക്ഷരതാ പരിപാടി " എന്ന പദ്ധതിയുടെ ചെലവ് തുകയായ 48211/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് ഐ.കെ.എം ന് പരാതി നൽകിയിട്ടുണ്ടെന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേകം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്ത് അറിയിച്ചത്. (ഓഡിറ്റ് എൻക്വയറി നമ്പർ-30/6-03-2023).

19)ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലുള്ള ചെലവ് വാർഷിക ധനകാര്യപത്രിക പ്രകാരം (മുന്നിരിപ്പ്+ വരവ്- നീക്കിയിരിപ്പ്) 2163606/- ആണ്. എന്നാൽ സുലേഖ പത്രിക പ്രകാരം ₹2586711 /- ആണ്.

20) ജില്ലാപഞ്ചായത്ത് വിഹിതം ഇനത്തിൽ 2020-21 വർഷത്തെ വാർഷീക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 699719/- രൂപയായിരുന്നു. (90121+4799+300000+304799). തൻവർഷം 1955981 രൂപ വരവായും ചെലവായും ഉണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പിൽ 4799 രൂപ ഉൾപ്പെട്ടിട്ടില്ല (ബി.4

ഷെഡ്യൂൾ)

21) 2021-22 ലെ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ Gross Surplus/deficit Of Income Over Expenditure കണക്കാക്കിയതിൽ പിശകുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബാലൻസ് ഷീറ്റിലും ബി1 ഷെഡ്യൂളിലും പിഴവ് സംഭവിച്ചിട്ടുണ്ട്.

അക്കൗണ്ടിലെ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/1-03-2023) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7664923 |
| വരവ് | 85267455 |
| ആകെ | 92932378 |
| ചെലവ് | 84661837 |
| നീക്കിയിരിപ്പ് | 8270541 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല. |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല. |
| തടസ്സപ്പെടുത്തിയ തുക | 2711328 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 23637177 | 23637177 | 23280061 | 357116 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 473250 | 473250 | 437000 | 36250 |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 3418057 | 3418057 | 3247000 | 171057 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 17444000 | 17444000 | 17068283 | 375717 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 6263575 | 6263575 | 4883487 | 1380088 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | - | 11178712 | 11178712 | 5687992 | 5490720 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | - | 5579917 | 5579917 | 5456052 | 123865 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 299285 | 70750427 | 71049712 | 71029372 | 20340 |
| ഐ.സി.ഡി.എസ് (അനു പൂരക പോഷകാഹാരം | 461673 | - | 461673 | 421238 | 40435 |
| സമ്പൂർണ്ണ ശുചിത്വം | 133080 | - | 133080 | - | 133080 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 2147354 | 150000 | 2297354 | - | 2297354 |

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ സംബന്ധിച്ചുള്ള എ.സി.ആർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല.

## 1-5 അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 177 | 158 | 27 | 19 | 74% |

നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം (പദ്ധതി ചെലവ് പത്രിക പ്രകാരം)

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 10 | 10 | 3690956 | 3332656 | 90.29 |
| 2. | വെറ്റനറി സർജൻ | 5 | 5 | 6418000 | 3167600 | 49.35 |
| 3. | മെഡിക്കൽ ആഫീസർ | 9 | 9 | 2500260 | 2376434 | 95.05 |
| 4. | മെഡിക്കൽ ആഫീസർ ഹോമിയോ | 3 | 3 | 370000 | 369957 | 99.99 |
| 5. | വി.ഇ.ഒ | 22 | 21 | 31754847 | 14999093 | 47.23 |
| 6. | ICDS സൂപ്പർവൈസർ | 7 | 7 | 4621350 | 4576588 | 99.03 |
| 7. | ഡയറി എക്സ്റ്റൻഷൻ ആഫീസർ | 1 | 1 | 1570000 | 1570000 | 100 |
| 8. | സെക്രട്ടറി | 32 | 25 | 7330938 | 5501128 | 75.04 |
| 9. | അസി.എഞ്ചിനീയർ | 72 | 63 | 37941779 | 27390048 | 72.19 |
| 10. | ഹെഡ്മാസ്റ്റർ | 10 | 9 | 2017344 | 1926780 | 95.51 |
| 11. | അസി.സെക്രട്ടറി | 6 | 5 | 2269785 | 2152565 | 94.84 |
| | ആകെ | 177 | 158 | 100485259 | 67362849 | 67.04 |

പദ്ധതികളുടെ മോണിറ്ററിംഗിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പദ്ധതി ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 299285 | 748020 | 1047305 | 1026965 | 20340 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് – മെറ്റീരിയൽ ചെലവ് ഉൾപ്പെടെ | - | 70002407 | 70002407 | 70002407 | - |
| ആകെ | 299285 | 70750427 | 71049712 | 71029372 | 20340 |

## 1-6-1 എം.ജി.എൻ.ആർ.ഇ.ജി.എസ്. അവലോകനം

ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട 1299 പദ്ധതികൾക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇവയിൽ 567 പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചു.

4977 കുടുംബങ്ങളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2021-22 വർഷം 2279 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തിൽ 159434 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1013 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു .

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3672800 | 228 |
| വിധവാ പെൻഷൻ | 9891000 | 650 |
| വാർധക്യകാല പെൻഷൻ | 31714200 | 2192 |
| ഭിന്നശേഷി പെൻഷൻ | 3610100 | 230 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 522600 | 32 |

### 1-7-1 അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ - ഫിബ്രവരി മാസത്തെ പെൻഷൻ വിതരണം -അപാകതകൾ

അമ്പതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചപ്പോൾ, 2022 ഫിബ്രവരി മാസം ബാങ്ക് അക്കൗണ്ടു വഴി പെൻഷൻ കൈപ്പറ്റുന്ന താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾക്കു നേരെ യു ടി ആർ നമ്പറോ സ്റ്റാറ്റസോ ചേർത്തിട്ടില്ല എന്ന് കാണുകയുണ്ടായി. തുക ബാങ്കിനു കൈമാറി എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനു മുമ്പും ശേഷവുമുള്ള മാസങ്ങളിൽ തുക അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും സ്റ്റാറ്റസ് -സക്സസ് എന്ന് രേഖപ്പെടുത്തി യു ടി ആർ നമ്പർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് തുക ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ഗുണഭോകതാവിന്റെ പേര് | പെൻഷൻ ഐഡി |
|---|---|
| ത്രേസ്യാമ്മ | 111190500001 |
| രാജമ്മ - | 111190500004 |
| രാധാമണി | 111190500007 |
| ലിലാമ്മ ജോസഫ് | 111190500011 |
| സരസമ്മ എം കെ | 111190500014 |

ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 17/02-03-2023 ന് മറുപടിയിൽ DBT സെൽ വഴിയാണ്

പെൻഷൻ വിതരണം നടത്തുന്നത്എന്നും പെൻഷൻ തുക ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ബാങ്കുകളുമായി ബന്ധപ്പെട്ട് നിജസ്ഥിതി പരിശോധിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-03-2023 തീയ്യതിയിൽ 11.15 Am ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 1085 (ആയിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ സാരമായ അപാകങ്ങളില്ല. എല്ലാ മാസങ്ങളിലും ഓഫീസ് യോഗങ്ങൾ ചേർന്ന് കാര്യാലയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ജോലി വിഭജന രേഖയുടെ അടിസ്ഥാനത്തിൽ സെക്ഷൻ ജോലികൾ ഓഫീസ് ഉത്തരവുകളിലൂടെ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്.

## 1-10 ഗ്രാമ സഭ

2021-22 വർഷത്തെ ഗ്രാമ സഭ മിനട്ട്സുകൾ പരിശോധിച്ചു. ഈ കാലയളവിൽ ഒരു തവണ മാത്രമാണ് ഗ്രാമ സഭ യോഗം ചേർന്നിട്ടുള്ളത്. 2022 ജനവരി മാസത്തിലാണ് ഗ്രാമ സഭാ യോഗങ്ങൾ നടന്നിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗ്രാമ സഭാ യോഗങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. കോറം തികഞ്ഞിട്ടുണ്ടെങ്കിലും ഗ്രാമ സഭാ യോഗങ്ങളിൽ ജന പങ്കാളിത്തം കുറവാണ്.

## 1-11 കാലാവധി കഴിഞ്ഞ് ലഭിച്ച അപേക്ഷകളിലും വിമുക്ത ഭടൻമാരുടെ ഭവനങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചു

സ.ഉ(കൈ)നം.106/2017/തസ്വഭവ തി:26.5.2017,സ.ഉ(എം.എസ്) നം.242/2013/തസ്വഭവ തി:02.07.2013 പ്രകാരം എല്ലാ വിമുക്ത ഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.2021-22 വർഷത്തെ വിമുക്ത ഭടൻമാരുടെ വസ്തുനികുതി ഇളവ് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ, അപേക്ഷ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ 23 പേർക്ക് ഈയിനത്തിൽ വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുണ്ട് എന്ന് കണ്ടു. എന്നാൽ 17 പേരുടെ അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്.അപേക്ഷകൾ ലഭ്യമാക്കി ആയതിന്റെ കൃത്യത പരിശോധിക്കാതെ വസ്തുനികുതി ഇളവ് അനുവദിച്ചത് ക്രമപ്രകാരമല്ല.

സ.ഉ(സാധാ)നം.1014/2021 തസ്വഭവ തി:19.5.21 പ്രകാരം 2021-22 വർഷത്തേക്ക് വസ്തുനികുതി ഇളവിനുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 30.6.21 ആണ്. എന്നാൽ 2021-22 വർഷത്തെ വസ്തു നികുതി ഇളവിനുള്ള വിമുക്ത ഭടൻമാരുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ മേൽ തീയതിക്ക് ശേഷവും അപേക്ഷകൾ സ്വീകരിച്ച് വസ്തുനികുതിയിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുള്ളതായി കണ്ടു.

| അപേക്ഷകന്റെ പേര് | അപേക്ഷസമർപ്പിച്ച തിയതി | ഇളവ് അനുവദിച്ച വസ്തുനികുതി. |
|---|---|---|
| ദേവസ്യ കിഴക്കയിൽ | 8.8.21 | 1073 |
| ബാലൻ നായർ | 10.8.21 | 918 |
| നാരായണൻ പി.വി. | 2.11.21 | 117 |

30.6.21 ന് ശേഷം വന്ന അപേക്ഷകളിൽ വസ്തുനികുതി ഇളവ് അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(6/27.2.23)കോവിഡ് 19ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം കൂടി പരിഗണിച്ചാണ് മുകളിൽ പരാമർശിച്ചിരിക്കുന്ന അപേക്ഷകൾ വാങ്ങി ഇളവ് അനുവദിച്ചത് എന്നാണ് മറുപടി നൽകിയത്. അനുവദനീയമായ കാലയളവിനുള്ളിൽ തന്നെ അപേക്ഷകൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ(എം.എസ്.)നം.358/2015/സ.സ്വ.ഭ.വ. തി:16.12.15 പ്രകാരം 60 ച.മീ. വരെ വിസ്തീർണ്ണമുള്ള വീടുകളെ മാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നത്. സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പാർപ്പിടാവശ്യം/വീട് എന്ന ഉപയോഗക്രമത്തിൽപ്പെടുത്തിയ കെട്ടിടങ്ങൾ 60 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ളവയാണെങ്കിലും 2013 വർഷം മുതൽ വസ്തു നികുതി ഡിമാൻഡ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | പ്ലിന്ത് ഏരിയ(ച.മീ.) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2(THALIPPARA) | 122 | രവി | വീടുകൾ | 62 |
| 2 | 5(PULLARI) | 195 | ജോസഫ് | വീടുകൾ | 62 |
| 3 | 15(POOVANCHAL) | 338 | ഷീജ | വീടുകൾ | 63 |
| 4 | 13(KARTHIKAPURAM) | 488 | ജോസഫ് | വീടുകൾ | 63.65 |
| 5 | 4(ARIVILANJAPOYIL) | 258 | മുരളീധരൻ | വീടുകൾ | 64 |
| 6 | 15(POOVANCHAL) | 235 | ദാമോധരൻ | വീടുകൾ | 64.9 |
| 7 | 3(UDAYAGIRI) | 389 | ദേവസ്യ | വീടുകൾ | 65 |
| 8 | 5(PULLARI) | 19 | ചാക്കോ വർക്കി | വീടുകൾ | 65 |
| 9 | 11(MANAKKADAVU) | 190 | കുര്യൻ | വീടുകൾ | 65 |
| 10 | 11(MANAKKADAVU) | 318 | ഗ്രിഗോറിയോസ്സ് | വീടുകൾ | 65 |
| 11 | 11(MANAKKADAVU) | 504 | ജോസ് | വീടുകൾ | 65 |
| 12 | 14(ERUTHAMADA) | 246 | വാസു | വീടുകൾ | 66 |
| 13 | 4(ARIVILANJAPOYIL) | 351 | ജോണി | വീടുകൾ | 68 |
| 14 | 13(KARTHIKAPURAM) | 185 | രാജീവൻ | വീടുകൾ | 69.5 |
| 15 | 3(UDAYAGIRI) | 317 | സോമനാഥൻ | വീടുകൾ | 70 |
| 16 | 3(UDAYAGIRI) | 338 | സുജ | വീടുകൾ | 70 |
| 17 | 3(UDAYAGIRI) | 413 | സ്മിതാ ബിജു | വീടുകൾ | 70 |
| 18 | 11(MANAKKADAVU) | 199 | കുട്ടപ്പൻ | വീടുകൾ | 70 |
| 19 | 11(MANAKKADAVU) | 381 | ഭാസ്കരൻ | വീടുകൾ | 70 |
| 20 | 4(ARIVILANJAPOYIL) | 29 | കുഞ്ഞൻ | വീടുകൾ | 73 |
| 21 | 11(MANAKKADAVU) | 431 | രാഘവൻ | വീടുകൾ | 75 |
| 22 | 9(CHEEKKAD) | 139 | രഘുനാഥ് | വീടുകൾ | 75.21 |
| 23 | 11(MANAKKADAVU) | 373 | ആന്റണി | വീടുകൾ | 80 |
| 24 | 14(ERUTHAMADA) | 285 | ബാബു | വീടുകൾ | 80 |
| 25 | 14(ERUTHAMADA) | 314 | പ്രിൻസ് | വീടുകൾ | 92 |
| 26 | 4(ARIVILANJAPOYIL) | 167 | മത്തായി | വീടുകൾ | 95 |
| 27 | 5(PULLARI) | 196 | മാത്യു | വീടുകൾ | 95 |
| 28 | 13(KARTHIKAPURAM) | 186 | രാജീവൻ | വീടുകൾ | 112 |
| 29 | 14(ERUTHAMADA) | 121 | പീതാംബരൻ | വീടുകൾ | 120 |

പ്രസ്തുത കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.വസ്തു നികുതി ഡിമാൻഡ് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(19/02.03.23) 1.4.13 ന് മുൻപ് നികുതി ഇല്ലാത്ത വീടായതിനാൽ സ.ഉ(എം.എസ്.)നം.144/15 തസ്വഭവ തി:27.4.15 പ്രകാരം ഘടനാപരമായ മാറ്റം വരാത്ത 2000 ചതുരശ്ര അടിയിൽ കുറവുള്ള വീട് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതിയിൽ നിന്ന് ഒഴിവാക്കി നൽകിയത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പ്രസ്തുത വീടുകൾക്ക് ഘടനാപരമായ മാറ്റം/കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഒഴിവാക്കിയതിനുള്ള കാരണം ഉൾപ്പെടുത്താതെ സഞ്ചയയിൽ പൂജ്യം നികുതി രേഖപ്പെടുത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളും പരിശോധനയ്ക്ക് വിധേയമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എഫ്.ടി.ഇ.ആൻഡ് ഒ എസ് ലൈസൻസ് എടുത്തിട്ടില്ല.

എഫ്.ടി.ഇ.ആൻഡ് ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ 2021-22 വർഷം 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | ക്ഷീരോൽപാദക സഹകരണ സംഘം |
|---|---|

| | |
|---|---|
| 1 | ഉദയഗിരി |
| 2 | ശാന്തിപുരം |
| 3 | കർമ്മലഗിരി-മാമ്പൊയിൽ |
| 4 | മണക്കടവ് |
| 5 | താളിപ്പാറ |

ആയത് പരാമർശിച്ച് നൽകിയ എൻക്വയറിക്ക്(29/4.3.23)5 ക്ഷീരോൽപാദക സംഘങ്ങൾക്കും 2021-22 വർഷത്തെ ലൈസൻസ് എടുക്കാത്തതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും തുക ഒടുക്കുന്ന മുറയ്ക്ക് രസീതുകൾ ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ,പട്ടിക 1 ൽ പരാമർശിക്കുന്ന എല്ലാ സംരംഭങ്ങൾക്കും ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പേറിവിഷന്റെ ഭാഗമായുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത്-₹396561 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ/തീയതി/തുക 22100173/09.06.21- ₹371727
22100146/02.06.21- ₹12417(NPS വിഹിതം-ജീവനക്കാരുടെ വിഹിതം)
22100147/02.06.21- ₹12417(NPS വിഹിതം-പഞ്ചായത്ത് വിഹിതം)

| ക്രമ നമ്പർ | പേര് | തസ്തിക | ജീവനകാർക്ക് അനുവദിച്ച ക്ഷാമബത്ത – 4%-01/2020 TO 06/2020 7%-07/2020 TO 02/2021 |
|---|---|---|---|
| 1 | ബിനു വർഗ്ഗീസ് | സെക്രട്ടറി | 56378 |
| 2 | സതീഷ് കുമാർ വി. | അസിസ്റ്റന്റ് സെക്രട്ടറി | 47628 |
| 3 | ഷിജോ രാജൻ | ക്ലർക്ക് | 27013 |
| 4 | ജനാർദ്ധനൻ പി.വി. | പി.ടി.ആർ. എസ് | 10597 |
| 5 | സജീവ് ജി | ഓഫീസ് അറ്റൻഡന്റ് | 20594 |
| 6 | സുരേഷ് ബാബു വി.കെ | ക്ലർക്ക് | 26001 |
| 7 | ദീപ കെ.ആർ | ക്ലർക്ക് | 23880 |
| 8 | സുബിൻ കെ.പി | ക്ലർക്ക് | 26698 |
| 9 | സിജിനി ചാക്കോ | സീനിയർ ക്ലർക്ക് | 33152 |
| 10 | സിനി പി.എൻ | സീനിയർ ക്ലർക്ക് | 31857 |
| 11 | ആദർശ് വി.ബി. | സീനിയർ ക്ലർക്ക് | 33432 |
| 12 | ശ്രീജിത്ത് കുമാർ സി.സി | ഹെഡ് ക്ലർക്ക് | 46914 |
| | | ആകെ | ₹384144 |

മേൽ വൗച്ചറുകൾ പ്രകാരം ജി.ഒ(പി)27/2021/ധന തീയതി 10-02-2021, ഖ.43 പ്രകാരമുള്ള ഡി.എ അരിയർ ഉദയഗിരി

ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.റിവൈസ്ഡ് ബേസിക് പേ Drawn ആയും (റിവൈസ്ഡ് ബേസിക് പേ+റിവൈസ്ഡ് ഡിഎ(4%/7%)) Due ആയും കണക്കാക്കിയാണ് പ്രസ്തുത ഡി.എ. അരിയർ കണക്കാക്കിയിരിക്കുന്നത്.എന്നാൽ
ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് 2021 മെയ് മാസം അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ജീവനക്കാർക്ക് പ്രീ റിവൈസ്ഡ് സ്കെയിലിൽ 01/2020 മുതൽ 32% കുടിശ്ശികയും 07/2020 മുതൽ 36% കുടിശ്ശികയും അനുവദിച്ചിട്ടുണ്ട്. ഇത് കാരണം ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്തയിനത്തിൽ (-) തുകയാണ് ലഭിക്കുക. ക്ഷാമബത്തയിനത്തിൽ കുടിശ്ശികയില്ലാതെ ക്ഷാമബത്ത അനുവദിക്കുകയാണുണ്ടായത്. ഡ്രോൺ സ്റ്റേറ്റ്മെന്റിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.പേറിവിഷൻ അരിയർ വാങ്ങിയ ജീവനക്കാരിൽ 1/2020 മുതൽ 2/2021 വരെയുള്ള കാലയളവിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിലല്ലാതെ ജോലിചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഓഫീസിൽ നിന്നും ജി.ഒ(പി)27/2021/ധന തീയതി 10-02-2021 പ്രകാരമുള്ള ഡി.എ അരിയർ വാങ്ങിയിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാൻ എൻക്വയറി നം.(24/4.3.23) പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി പിന്നീട് ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. .പേറിവിഷന്റെ ഡി എ അരിയർ ആയി നൽകിയ ₹396561(തനത് ഫണ്ടിൽ നിന്നും ഡി എ അരിയർ ആയി ചിലവായ ആകെ തുക ) യുടെ കാര്യത്തിൽ നിലവിൽ അവ്യകതതയുള്ളതിനാൽ ആയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ജി.ഒ(പി)25/2021/ധന തീയതി 08-02-2021 ഖണ്ഡിക 43 പ്രകാരം 01.04.2023 മുതലാണ് ശമ്പളപരിഷ്കരണ കുടിശ്ശിക ജീവനക്കാർക്ക് ലഭ്യമാകുക. ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുമ്പോൾ നിലവിൽ ഡി.എ അരിയർ ഇനത്തിൽ വാങ്ങിയ മേൽ തുക അതിൽനിന്നും കുറവ് ചെയ്യേണ്ടതാണ്.

## 1-15 മണക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വിവിധ ഉപകരണങ്ങൾ വാങ്ങൽ - 1203/- അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |
| പ്രോജക്ട് നം. & പേര് | 213/22, മണക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വിവിധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹130000 (മെയിന്റനസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹118903/- |
| ബിൽ നം./ തീയതി/തുക | 237/7-3-22,₹44233/-<br>269/16-3-22,₹31920/-<br>364/26-3-22,₹42750/- |

മണക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ഉപകരണങ്ങൾ | എണ്ണം |
|---|---|---|
| Keltron | Acer Computer System | 1 |
| Legendary Distributors | Laptop Lenovo<br>Carry Case Lenovo<br>Mouse Zebronics USB<br>Warranty Extension | 1 എണ്ണം വീതം |
| R J Entreprises | L G FROSTFREE REFRIGERATOR | 1 |

മേൽ പദ്ധതിക്കു വേണ്ടി കെൽട്രോൺ എന്ന സ്ഥാപനത്തിന്റ Proforma Invoice പ്രകാരം ₹44233/- (237/7-3-22,₹44233/-) സ്ഥാപനത്തിന്റ അക്കൗണ്ടിലേക്ക്( നമ്പർ 799011400003959) Desktop Computer (₹31280), Printer(₹12953) എന്നിവ ലഭ്യമാക്കുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ഹാജരാക്കിയ Tax Invoice പ്രകാരം Desktop Computer ന് 30077/- രൂപയാണ് വിലയുള്ളത്. അധികം നൽകിയ 1203/- (31280-30077= 1203)രൂപ തിരികെ ലഭിച്ചിട്ടുണ്ടോ എന്നവിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/2-3-23) കെൽട്രോണിന് അധികം നൽകിയ 1203/- രൂപ തിരികെ ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ഹാജരാക്കിയത് .തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-16 ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം - അധികം നൽകിയ തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, മണക്കടവ് |
| പ്രോജക്ട് നം. & പേര് | 160/22, ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം |
| അടങ്കൽ<br><br><br><br><br>ആകെ | ₹3832914/- (വികസന ഫണ്ട് )<br>₹181920 /-(വികസന ഫണ്ട് ടി എസ് പി)<br>₹2400000/-(സംസ്ഥാനാവിഷ്കൃതം വിഹിതം)<br>₹2700000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹2600000/-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹11714834 |
| ചെലവ് ₹6502149 | ₹6502149<br>₹3832914 (വികസന ഫണ്ട് പൊതു വിഭാഗം)<br>₹ 181920 (വികസന ഫണ്ട് ടി.എസ്.പി)<br>₹ 987315 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹ 1500000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവായ രാഘവൻ സി കെ എന്നവരുടെ ഭവന നിർമ്മാണത്തിന് 600000/- രൂപ നൽകുന്നതിന് പകരം 610000/- രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് (നം.40507100900035) നൽകുകയും, അധികം നൽകിയ 10000/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം) 19-4-22 തീയ്യതിയിൽ രസീത് നമ്പർ 1220100068/G130307 പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ആയത് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/02-03-2023) മേൽ തുക പഞ്ചായത്ത് ഫണ്ടിലാണ് ഒടുക്കിയത് എന്നും ആയത് ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് എത്രയും വേഗം ഒടുക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ തുക സഞ്ചിത നിധിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-17 ഐ കെ എം പ്രവർത്തനഫണ്ട് കൈമാറൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 8/22 |
| പ്രൊജക്റ്റിന്റെ പേര് | ഐ കെ എം വിഹിതം നൽകൽ |
| അടങ്കൽ | ₹94775(വികസന ഫണ്ട്) |
| ചെലവ് | ₹94775<br>ബിൽ നം/തീയ്യതി 25/2021-22/08-07-2021 |

2021-22സാമ്പത്തിക വർഷത്തെ പ്രവർത്തന ഫണ്ടിനത്തിൽ ഐ.കെ.എം-ന് നല്കിയ 94775 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(12/01.03.2023) ആയത് ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്.വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-18 ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല.

വൗച്ചർ നം.22100127/1.6.21

വൗച്ചർ നം.22100169/9.6.21

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി സർക്കാരിൽ നിന്നും പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള സ്ഥിര ജീവനക്കാർക്ക് ആകെ ₹4,06815/- ഇപ്രകാരം ലീവ് സറണ്ടർ

ആയി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021-ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുൾപ്പെടുന്ന ജീവനക്കാർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/4.3.23) ലീവ് സറണ്ടർ അനുവദിക്കുന്ന സമയത്ത് ഉത്തരവുകൾ ഒന്നും നിലവിൽ ഇല്ലാത്തതിനാലാണ് സറണ്ടർ അനുവദിച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്. 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സർക്കാരിൽ നിന്നുള്ള തുടർ നിർദ്ദേശങ്ങൾ അനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഹരിത ഗ്രാമം ആട് വളർത്തൽ - പദ്ധതി നിർവഹണത്തിലെ അവ്യക്തതകൾ - ₹15000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജ്ജൻ |
| പ്രോജക്ട് നം. & പേര് | 195/22, ഹരിത ഗ്രാമം ആട് വളർത്തൽ |
| അടങ്കൽ | ₹50000 (വികസന ഫണ്ട്)<br>₹100000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹150000/-(ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ചെലവ് | ₹50000/- |
| ബിൽ നം. & തീയതി | 222/28-2-22,₹50000/- |

ഹരിത ഗ്രാമം പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ ഒരു വാർഡിലെ 30 ഗുണഭോക്താക്കൾക്ക് 5000/-രൂപ വിലയുള്ള 2ആടുകളെ വീതം 50% സബ്സിഡി നൽകി വാങ്ങുന്നതിനുവേണ്ടി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) ഒരേ റേഷൻ കാർഡിൽ പേരുള്ള രണ്ട് പേർ പരസ്പരം ആടിനെ വിറ്റതായും വാങ്ങിയതായും കാണുന്നു(സരോജിനി, മകൾ നീതു ബാബു എന്നവർക്ക് നൽകിയത്).

2) ലൈല പി റ്റി എന്നവരിൽ നിന്നും നിഷ എൻ പി എന്ന ഗുണഭോക്താവ് ആടിനെ വാങ്ങുകയും, നിഷ എൻ പി എന്നവരിൽ നിന്നും തിരുമ എന്ന ഗുണഭോക്താവ് ആടിനെ വാങ്ങുകയും ചെയ്തിട്ടുണ്ട്.

3)ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഹരിത ഗ്രാമം ആട് വളർത്തൽ പദ്ധതി ഗുണഭോക്താവായ ഈശ്വരി സുകുമാരൻ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ഹരിത ഗ്രാമം ആട് വളർത്തൽ പദ്ധതിയുടെ ഗുണഭോക്താവായ മിനി പ്രകാശ് എന്ന ഗുണഭോക്താവിന് ആടിനെ വിറ്റതായും കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/28-02-2023) സരോജിനിയും മകൾ നീതുവും വേറെയാണ് താമസം എന്നും, ക്രമ നമ്പർ 2 ലെ ലൈല പി റ്റി നിഷയ്ക്ക് വില്പന നടത്തിയ ആടും, നിഷ എൻ പി തിരുമയ്ക്ക് വില്പന നടത്തിയ ആടും വേറെ ആണ് എന്നും, ക്രമ നമ്പർ 3 ഈശ്വരി സുകുമാരന്റെ വീട്ടിൽ 3 ൽ കൂടുതൽ ആടുകളെ വളർത്തുന്നുണ്ട് അതിൽ ഒന്നിനെയാണ് മിനി പ്രകാശ് വില്പന നടത്തിയത് എന്നുമുള്ള മറുപടിയാണ് ഹാജരാക്കിയത്. ഒരേ ഗുണഭോക്താവ് തന്നെ ആടിനെ വാങ്ങുകയും വിൽക്കുകയും ചെയ്തിട്ടുള്ളതിനാൽ

പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. സബ്സിഡി തുക ലഭ്യമാകുന്നതിന് മാത്രമാണ് ഇത്തരത്തിലുള്ള കൈമാറ്റം നടത്തിയിട്ടുള്ളത് എന്ന് സംശയിക്കാവുന്ന സാഹചര്യമായതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹15000 (സരോജിനി 5000, ലൈല പി.റ്റി 5000, ഈശ്വരി സുകുമാരൻ 5000) തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-20 കാമധേനു (വനിതാ ഗ്രൂപ്പ് സംരംഭകർക്ക് പശു വളർത്തൽ) -പദ്ധതി നടത്തിപ്പിലെ അപാകതകൾ 2250000 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നം. & പേര് | 86/22, കാമധേനു (വനിതാ ഗ്രൂപ്പ് സംരംഭകർക്ക് പശു<br>വളർത്തൽ) |
| അടങ്കൽ<br><br>ആകെ | ₹2250000 (വികസന ഫണ്ട്)<br>₹2250000/-(മറ്റുള്ളവ)<br>₹4500000/- |
| ചെലവ് | ₹2250000 വികസന ഫണ്ട് |
| ബിൽ നം. & തീയതി | 83/19-11-21 , 1800000/-<br>108/6-12-21 ,240000/-<br>176/29-1-22 ,30000/-<br>223/28-2-22 ,150000/-<br>256/11-3-22,30000/- |

ഗ്രാമ പഞ്ചായത്തിലെ 5 വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് പശു വളർത്തലിനു വേണ്ടിയാണ് മേൽ പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ₹2250000 രൂപ ചെലവഴിച്ച് ഓരോ വ്യക്തികൾക്കും 30000/-രൂപ വീതം സബ്സിഡി തുക നൽകിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . ഗ്രൂപ്പുകൾക്ക് നൽകാതെ വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിനുള്ള കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/28-02-2023 ) ഒരു വാർഡിലെ പലഭാഗത്തു നിന്നുള്ള ഗുണഭോക്താക്കളാണ് 5പേർ അടങ്ങുന്ന ഗ്രൂപ്പായി ഗ്രാമ സഭ തിരഞ്ഞെടുത്തത് എന്നും 5പശുക്കളെ ഒരുമിച്ച് വളർത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലാണ് ഇപ്രകാരം പദ്ധതി നടപ്പിലാക്കിയത് എന്ന മറുപടിയാണ് ഹാജരാക്കിയത്. ഗ്രൂപ്പ് സംരംഭങ്ങൾക്കു വേണ്ടി DPC അംഗീകാരം ലഭിച്ച പദ്ധതി ഭേദഗതി വരുത്താതെ വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് ശരിയായ നടപടി അല്ല. 2250000/- രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

## 1-21 പാലിയേറ്റിവ് വയോജന സൗഹൃദ ഉപകരണങ്ങൾ വാങ്ങൽ -ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| പ്രോജക്ട് നം. & പേര് | 206/22, പാലിയേറ്റിവ് വയോജന -സൗഹൃദ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ<br><br>ആകെ | ₹65570/- (വികസന ഫണ്ട് )<br>₹434000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹499570/- |

| | |
|---|---|
| ചെലവ്<br><br>ആകെ | ₹65223 (വികസന ഫണ്ട് )<br>₹394941 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹460164 |
| ബിൽ നം. & തീയതി | 272/16-3-22, ₹65223/-(വികസന ഫണ്ട് )<br>₹394941/-((ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

പാലിയേറ്റിവ് വയോജന -സൗഹൃദ ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (അക്കൗണ്ട് നമ്പർ 3624001800000019) ₹460164 /-നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ ഇൻവോയിസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/2-3-23) മേൽ സ്ഥാപനത്തിൽ നിന്നും 2112/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചത് എന്നും ബാക്കി 458052/- രൂപയുടെ ഉപകരണങ്ങൾ ലഭിക്കാനുണ്ട് എന്ന മറുപടിയാണ് ഹാജരാക്കിയത്. ബാക്കി 458052/- രൂപയുടെ ഉപകരണങ്ങൾ എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഉപകരണം ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-22 എസ് എസ് എ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നം. & പേര് | 15/22, എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | ₹200000/- (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ് | ₹200000/- |
| ബിൽ നം. & തീയതി | 41/3-9-21 |

മേൽ പദ്ധതിക്ക വേണ്ടി വികസന ഫണ്ടിൽ നിന്ന് 200000/- രൂപ ഡയറക്ടർ എസ്എസ് കെ കണ്ണൂർ (അക്കൗണ്ട് നമ്പർ 799012700001800) ന്റെ അക്കൗണ്ടിലെക്ക് നൽകിയിട്ടുണ്ട്.എന്നാൽ തുക ചെലഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/04-03-2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് ഹാജരാക്കിയത്.വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാണ്ടതാണ്.

## 1-23 വായനശാലകൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നം. & പേര് | 208/22, വായനശാലകൾക്ക് അലമാര വാങ്ങൽ |
| അടങ്കൽ | ₹100000/- (വികസന ഫണ്ട്) |
| ചെലവ് | ₹98400/- |
| ബിൽ നം. & തീയതി | 310/22-3-22 |

| | |
|---|---|
| പ്രോജക്റ്റ് നം. & പേര് | 222/22, വായനശാലകൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹99000/- (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹98995/- |
| ബിൽ നം. & തീയതി | 362/26-3-22 |

ഗ്രാമ പഞ്ചായത്തിലെ 9 വായനശാലകൾക്ക് അലമാര വാങ്ങൽ, വായനശാലകൾക്ക് ഫർണിച്ചർ വാങ്ങൽ എന്നീ പദ്ധതികൾ പ്രകാരം Asian Trading എന്ന സ്ഥാപനത്തിൽ നിന്ന് Glass Shelf(wooden) 8 എണ്ണം (8x12300) 98400/- രൂപയ്ക്കും (പ്രോജക്റ്റ് നം. 208/22), Wooden Desk 8 എണ്ണം (8x5000) 40000/- രൂപയ്ക്കും,Armed Chair 90എണ്ണം (90x655.50) 58995/-രൂപയ്ക്കും (പ്രോജക്റ്റ് നം.222/22) വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ 29-1-2018 ലെ സ ഉ (കൈ) 11/2018 ത സ്വ ഭ വ ഉത്തരവ് ഖണ്ഡിക7.6 (12) പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ കെട്ടിടം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന മേൽ പദ്ധതി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയതിന്റെ കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/04-03-2023) DPC അംഗീകാരത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് എന്ന മറുപടിയാണ് ഹാജരാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-24 അതുല്യം സമ്പൂർണ്ണ സാക്ഷരത പരിപാടി -സുലേഖ ചെലവ് പത്രികയിലും എ.സി.ആറിലും ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇല്ല

| | |
|---|---|
| പ്രോജക്റ്റ് നം. & പേര് | 51/22, അതുല്യം സമ്പൂർണ്ണ സാക്ഷരത പരിപാടി |
| അടങ്കൽ | ₹50000/- (വികസന ഫണ്ട് ) |

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 48211/- രൂപ (ഭക്ഷണ ചെലവിനത്തിൽ -2000/-, സ്റ്റേഷനറി വാങ്ങിയ ഇനത്തിൽ -9811/-,കേരളസാക്ഷരത മിഷൻ -36400/-) ചെലവഴിച്ചിട്ടുണ്ട്. മേൽ ചെലവുകൾ സംബന്ധിച്ച ബില്ലുകളും വൗച്ചറുകളും, കേരളസാക്ഷരത മിഷന് നൽകിയ 36400/- രൂപയുടെ രസീതും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിലും A C R ലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവ് നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി തുടർന്നുള്ള വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയതായും കാണുന്നില്ല. മേൽ കാരണങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സാങ്കേതിക പരമായി പിഴവ് വന്നത് പരിശോധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

29-01-2018 തീയ്യതിയിലെ സ.ഉ.(കൈ)നമ്പർ 11/2018 നമ്പറായുള്ള പദ്ധതി മാർഗ രേഖ ഖ.6.7 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. ഉദയഗിരി ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടില്ല

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട താഴെ ചേർക്കും പ്രകാരമുള്ള നടപടികളും സ്വീകരിച്ചതായി കാണുന്നില്ല

1) പഞ്ചായത്ത് ഡയറക്ടറുടെ 8-11-2008ലെ സി2-15471/18 നമ്പർ സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (1/24-02-2023) യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

4) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമികൾക്ക് എതു വർഷം വരെ അടിസ്ഥാന നികുതി ഒടുക്കിയിട്ടുണ്ട് എന്നതു സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരിച്ചു കിട്ടാൻ അവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടു വന്നിരുന്നത്. ഈയിനത്തിൽ താഴെ ചേർക്കും പ്രകാരമുള്ള തുക പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ-2/24-02-2023)

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2018-19 | 42350 |
| 2 | 2019-20 | 36200 |

2014-15 മുതൽ 2017-18 വരെയുള്ള തുകകൾ ലഭിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. 2020-21 മുതൽക്കുള്ള തുകകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃ സമിതി നടത്തിയ മരാമത്ത് പ്രവൃത്തി - രേഖകൾ ലഭ്യമല്ല. ₹49767യുടെ ചെലവ് തുക തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| പ്രോജക്ട് നമ്പർ | S0220/22 |
| പ്രോജക്ടിന്റെ പേര് | കോളി കോളനി റോഡ് നിർമ്മാണം |
| അടങ്കൽ | ₹50000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | ₹49767 |
| എം ബുക്ക് നമ്പർ | 48/21-21 |
| ഗുണ ഭോക്തൃ സമിതി കൺവീനർ | ശ്രീ.ടി.കെ. മണി |
| എസ്റ്റിമേറ്റ് തുക | 50000 |
| പ്രവർത്തി മൂല്യം | 49767 |
| വൗച്ചർ നമ്പർ/തീയ്യതി/തുക | 72/30-03-22/49767(ഇ ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല. |

ഗുണഭോക്തൃ സമിതി നടത്തിയ മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ ബിൽ തുക കോളി കോളനി റോഡ് നവീകരണ കമ്മറ്റിയുടെ പേരിലുള്ള 40448101030512 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെ ചേർക്കും പ്രകാരമുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

1) ഗുണഭോക്തൃ സമിതി എക്സിക്യൂട്ടീവ് കൺവീനറുമായി ഏർപ്പെട്ട കരാർ

2) വൗച്ചറുകൾ, മസ്റ്റർ റോൾ , മറ്റ് ചെലവ് രേഖകൾ

3) ഗുണഭോക്തൃ സമിതി മിനിട്ട്സ്, ബാങ്ക് പാസ് ബുക്ക്

4) മോണിട്ടറിംഗ് റിപ്പോർട്ട്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/04-03-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹49767യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

### 1-28 ബാരൽ വില - തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല

ഉദയഗിരി ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് 2021-22 വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില, ബാരലിന്റെ ജി.എസ്.റ്റി എന്നീ ഇനങ്ങളിലുള്ള തുകകൾ സെക്രട്ടറിയുടെ പേരിലുള്ള 799013000000552 നമ്പർ ട്രഷറി അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 30-10-2007ലെ 59827/എഫ്.എം. /07/ തസ്വഭവ നമ്പർ സർക്കുലറിലെയും, ജി ഒ (പി ) 177/2006/ ഫിൻ 12.04.2006 നമ്പർ ഉത്തരവിലെയും നിർദ്ദേശ പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ട് ഉപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/24-02-2023) അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഫണ്ട് സംബന്ധിച്ച വിവരം ലഭ്യമാകാതിരുന്നതിലാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നും അതാത് അക്കൗണ്ടുകളിൽ അടവാക്കി വിവരം അറിയിക്കുമെന്നുമാണ് മറുപടി നൽകിയത്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെവിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ തീയ്യതി |
|---|---|---|
| 2021-22 | 22-02-2023 | കെ.എസ്.എ./കെ.എൻ.ആർ./സി.12/347/2023 തീയ്യതി: 30.03.2023 |

### 4-2 സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ | 2021-22 | 190850 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (14/22) | 190850 | 0 |
| | | ടി | 400000 | പാൽ ഉല്പാദന ബോണസ് (16/22) | 400000 | 0 |
| | | ടി | 165000 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം | 165000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | (28/22) | | |
| | | ടി | 25500 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി (29/22) | 25500 | 0 |
| | | ടി | 987315 | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗം (160/22) | 987315 | 0 |
| | | ടി | 434000 | പാലിയേറ്റീവ് വയോജന-സൌഹൃദ ഉപകരണങ്ങൾ വാങ്ങൽ (206/22) | 394941 | 39059 |
| | | ടി | 300000 | നുറേക്കർ അംഗൻവാടി നിർമ്മാണം (151/22) | 300000 | |
| | | | ലഭ്യമല്ല | തടയണകളുടെ മെയിന്റനൻസ് (149/22) | 123105 | 0 |
| | | ആകെ | | | 2586711 | |
| 2. | ജില്ലാ പഞ്ചായത്ത്, കണ്ണൂർ | ടി | 190850 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (14/22) | 190850 | 0 |
| | | ടി | 170000 | പാൽ ഉല്പാദക ബോണസ് (16/22) | 170000 | 0 |
| | | ടി | 51000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി (29/22) | 51000 | 0 |
| | | ടി | 1500000 | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗം (160/22) | 1500000 | 0 |
| | | ടി | 44131 | ലൈഫ് ഭവന നിർമ്മാണം പട്ടികജാതി (162/22) | 44131 | 0 |
| | | ആകെ | 1955981 | | 1955981 | |

സംയുക്ത പദ്ധതികളുടെ വരവ് ചെലവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക, പദ്ധതി ചെലവ് പത്രിക എന്നിവയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയത്. ശരിയായ കണക്കുകൾ ഹാജരാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | തുക | നിർവ്വഹണ ഏജൻസി | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക | ബിൽ നം. തീയതി |
|---|---|---|---|---|---|---|
| തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 992000 (113/22) | കെ.എസ്.ഇ.ബി | 992000 | - | - | 200/17.02.22 |
| നിലാവ് പദ്ധതി തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 600000 (182/22) | | 600000 | - | - | 232/03.03.22 |
| കോളി കോളനി റോഡ് വൈദ്യുത തൂണ് മാറ്റി സ്ഥാപിക്കൽ | 38536 | | 38536 | - | - | 271/16.03.22 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

പഞ്ചായത്ത് ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബി.5 ഷെഡ്യൂൾ പ്രകാരം ലൈഫ് ഭവന വായ്പ ഇനത്തിൽ 5685180 രൂപ തിരിച്ചടക്കാനവശേഷിക്കുന്നുണ്ട്. അനുവദിക്കപ്പെട്ട ലോൺ തുക, ഇതേ വരെ തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-14/1-03-2023 & ഓഡിറ്റ് റിക്വിസിഷൻ നമ്പർ- 1 &13/22-02-2023) 2020-21വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകം പരാമർശിച്ചിരുന്നു. വായ്പയുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2021-22 വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 1998-99 | 37(7) | 282 | വി.ടി അലക്സാണ്ടർ സെക്രട്ടറി | 1210103365/9.3.2022 |
| 1998-99 | 40 | 1200 | വി.ടി അലക്സാണ്ടർ സെക്രട്ടറി | 1210103365/9.3.2022 |
| 1998-99 | 41 | 7500 | വി.ടി അലക്സാണ്ടർ സെക്രട്ടറി | 1210103365/9.3.2022 |

| | | | | |
|---|---|---|---|---|
| 2004-05 | 3-5 | 1020 | സെക്രട്ടറി | 1210100971/12.11.2021 |
| 2014-15 | 2-3 (1) | 4600 | സെക്രട്ടറി | 1210101051/30.11.2021 |
| 2014-15 | 2-3 (1) | 4600 | സെക്രട്ടറി | 1210101076/07.12.2021 |
| 2014-15 | 2-3 (1) | 4600 | സെക്രട്ടറി | 1210101052/1.12.2021 |
| 2014-15 | 2-3 (1) | 4600 | സെക്രട്ടറി | 1210101077/07.12.2021 |
| ആകെ | | ₹28402 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | VII-13-1 | 1998-99 | 39 | മണ്ണിന് അധിക വില നൽകിയത് | നിലനിൽക്കുന്നു. |
| 2005-06 | II-87.1 | 2001-02 | 3.8 | ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിന് ബാധ്യതയായി | |
| 2016-17 | 2 | 2014-15 | 2-3 | തൊഴിൽനികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് നമ്പറും തീയ്യതിയും | തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| 1998-99 | 37(7) | വി.ടി അലക്സാണ്ടർ സെക്രട്ടറി | ലഭ്യമല്ല | 282 | 282 |
| 1998-99 | 40 | വി.ടി അലക്സാണ്ടർ സെക്രട്ടറി | ലഭ്യമല്ല | 1200 | 1200 |
| 1998-99 | 41 | വി.ടി അലക്സാണ്ടർ സെക്രട്ടറി | ലഭ്യമല്ല | 7500 | 7500 |
| ആകെ | | | | | 8982 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 85267455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 84661837 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല. |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 2711328 |

(ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ ₹ 4367 തിരിച്ചടച്ചിട്ടുണ്ട്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-14 | 396561 | ശ്രീ.ബിനു വർഗ്ഗീസ്, സെക്രട്ടറി |
| 1-19 | 15000 | ഡോ. ബിജോയ് വർഗ്ഗീസ്, വെറ്റിനറി സർജ്ജൻ |
| 1-20 | 2250000 | ഡോ. ബിജോയ് വർഗ്ഗീസ്, വെറ്റിനറി സർജ്ജൻ |
| 1-27 | 49767 | ശ്രീ.ഷംനാദ് ജെ. , അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 2711328 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-19, 1-14

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനു വർഗീസ്, സെക്രട്ടറി | സെക്രട്ടറി, ഉദയഗിരി ഗ്രാമ പഞ്ചായത്ത് | കൊച്ചു പറമ്പിൽ ഹൗസ്, പുളിമ്പറമ്പ്, തളിപ്പറമ്പ |
| ശ്രീ.ഷംനാദ് ജെ. | കൊല്ലായിൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം | കട്ടക്കൽ ഹൗസ് പനവൂർ പി.ഒ., നെടുമങ്ങാട്, തിരുവനന്തപുരം |
| ഡോ. ബിജോയ് വർഗ്ഗീസ് | വെറ്റിനറി സർജ്ജൻ, ഉദയഗിരി ഗ്രാമപഞ്ചായത്ത് | ആലപ്പാട്ട് ഹൗസ്, നെഹ്റു നഗർ, കരിയാച്ചിറ പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 7 |
| 2001-02 | കെ.എസ്.എ.കെ.എൻ.ആർ/ /സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 1 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 1 |
| 2006-07 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 10 |
| 2007-08 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 7 |
| 2010-11,2011-12 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 3 |
| 2014-15 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 4 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 2 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 6 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 1 |
| 2018-19 | കെ.എസ്.എ.കെ.എൻ.ആർ/ സി12/1375/2022 തീയ്യതി- 11-10-2022 (ഓഡിറ്റ് അദാലത്ത്) | 4 |
| 2019-20 | കെ.എസ്.എ.കെ.എൻ.ആർ/ സി12/339/2022 തീയ്യതി- 20-04-2022 | 31 |
| 2020-21 | കെ.എസ്.എ.കെ.എൻ.ആർ/ സി12/939/2022 തീയ്യതി- 21-07-2022 | 39 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Udayagiri Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7654213.00 |
| Cash | Cash | RP-40(a) | 10710.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 621300.00 |
| 130000000 | Rental income from Panchayat Properties | RP-3 | 20000.00 |
| 140000000 | Fees & User Charges | RP-4 | 239159.00 |
| 150000000 | Sale & Hire Charges | RP-5 | 375007.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65603584.00 |
| 171000000 | Interest Earned | RP-9 | 63705.00 |
| 190000000 | Prior Period Income | RP-11 | 16179.00 |
| 210000000 | Establishment Expenses | RP-12 | 9416.00 |
| 220000000 | Administrative Expenses | RP-13 | 5843.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 50192.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15029480.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2365671.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 9452.00 |
| 340000000 | Deposits Received | RP-33 | 73477.00 |
| 350000000 | Other Liabilities | RP-35 | 784990.00 |
| | Grand total | | 92932378.00 |
| | PAYMENTS | | |
| | Operating | | |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 9496278.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 17518609.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 7151752.00 |
| 412000000 | Capital Work In Progress | RP-39 | 15125779.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 4385224.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 117768.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 584011.00 |
| 460000000 | Loans, Advances and Deposits | RP-49 | 110000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 114746.00 |
| 350000000 | Other Liabilities | RP-35 | 29930321.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 127349.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 8247545.00 |
| Cash | Cash | RP-40(b) | 22996.00 |
| | Grand Total | | 92932378.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Udayagiri Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2746977.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 211058.00 |
| 140000000 | Fee & User Charges | I-4 | 327359.00 |
| 150000000 | Sale & Hire Charges | I-5 | 381507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 196103539.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 63705.00 |
| 180000000 | Other Income | I-9 | 50952.00 |
| 190000000 | Prior Period Income | I-19 | 12203.00 |
| | Total Income | | 199885097.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14020364.00 |
| 220000000 | Administrative Expenses | I-11 | 996075.00 |
| 230000000 | Operations & Maintenance | I-12 | 1044223.00 |
| 240000000 | Interest & Finance Charges | I-13 | 1341.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8371982.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 29631954.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7434689.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 61979808.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 49425843.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1078294.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |

| | | | |
|---|---|---|---|
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 11731394.00 |
| | Total Expenditure | | 185715967.00 |
| | Gross Surplus / Deficit of income over Expenditure | | -14169130.00 |
| | Gross Surplus / Deficit of income over Expenditure | | -14180835.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 23908.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -11705.00 |

## അനുബന്ധം-3-3

## ബാലൻസ ഷീറ്റ്

| Udayagiri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11875677.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13072.00 |
| 312000000 | Reserves | B-3 | 85128984.00 |
| | Total Reserve & Surplus | | 97017733.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15677270.00 |
| | Total Grants, Contributions for Specific Purposes | | 15677270.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5685180.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 5685180.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 615390.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2184791.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2800181.00 |
| | TOTAL LIABILITIES | | 121180364.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 5024695.00 |
| 412000000 | Capital Work in Progress | B-11(b) | 22356880.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 270621.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17859310.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 118153189.00 |
| 416000000 | Accumulated Depreciation | B-11(a) | -53334820.00 |
| | Total Fixed Assets | | 110329875.00 |

| | | | |
|---|---|---|---|
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 757543.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 413.00 |
| 450000000 | Cash and Bank Balance | B-17 | 8270541.00 |
| 460000000 | Loans, Advances and Deposits | B-18 | 1821992.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 10850489.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 121180364.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.